## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3227 — 07.11.2019-ൽ മറുപടിയ്ക്ക്

### സംസ്ഥാനത്തെ ജലാശയങ്ങളുടെ വിസ്തൃതി

ചോദ്യം :

ശ്രീ.റോജി എം. ജോൺ
,, ഷാഫി പറമ്പിൽ
,, വി.ടി.ബൽറാം

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കായലുകൾ, തടാകങ്ങൾ, കനാലുകൾ എന്നിവയുടെ വിസ്തൃതി വ്യാപകമായ കയ്യേറ്റം മൂലം വർഷംതോറും കുറഞ്ഞുവരുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ കായലുകൾ, തടാകങ്ങൾ, കനാലുകൾ എന്നിവയിലെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കയ്യേറ്റങ്ങൾ 1957-ലെ കേരള ഭൂസംരക്ഷണ നിയമം, 1958-ലെ അനുബന്ധ ചട്ടം, 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമം എന്നിവ പ്രകാരം ഒഴിപ്പിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഇവയുടെ വിസ്തൃതി സംബന്ധിച്ച് സർവ്വേ നടപടികൾ നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (ബി) | സംസ്ഥാനത്തെ കായലുകൾ, തടാകങ്ങൾ, കനാലുകൾ എന്നിവയുടെ നിലവിലുള്ള വിസ്തൃതി സംബന്ധിച്ച വ്യക്തമായ വിവരം എല്ലാ വില്ലേജുകളിലെയും റീസർവ്വെ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാവുകയുള്ളൂ. കായൽ പുറമ്പോക്ക് ഉൾപ്പടെയുള്ള ഭാഗങ്ങളിൽ വ്യാപകമായ കൈയ്യേറ്റമുള്ളതായി ലഭിക്കുന്ന പരാതികളിൽ പ്രത്യേക സർവ്വെ ടീമിനെ നിയോഗിച്ച് സർവ്വെ ചെയ്ത് കയ്യേറ്റം തിട്ടപ്പെടുത്തുന്നതിനും കേരള ഭൂസംരക്ഷണ നിയമ പ്രകാരം പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. വേമ്പനാട് കായൽ കയ്യേറ്റം നടക്കുന്നു എന്നുള്ള പരാതിയിൽ അത്തരത്തിൽ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുള്ളതും സർവ്വെ ജോലികൾ പൂർത്തിയാക്കി വരുന്നതുമാകുന്നു. |

| | | | |
|---|---|---|---|
| (സി) | വ്യാപകമായ കയ്യേറ്റം നടന്നതായി കണ്ടെത്തിയിട്ടുള്ള ജില്ലകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ; പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) | കൊല്ലം ജില്ലയിലെ അഷ്ടമുടി കായലിലും വേമ്പനാട് കായൽ ഉൾപ്പെട്ടുവരുന്ന കോട്ടയം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലും കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1994-ലെ പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 218, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20-ാം ആക്ട്) സെക്ഷൻ 218 എ) പ്രകാരവും ചെറുപുഴകളും, ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും, കായലുകളും, കുളങ്ങളും, നീർത്തടങ്ങളും, ജലമാർഗ്ഗങ്ങളും, കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ ജലവും പഞ്ചായത്ത്/മുനിസിപ്പൽ വകുപ്പകളിൽ നിക്ഷിപ്തമാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ 4, 5 പ്രകാരം അപ്രകാരമുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിന് എൽ.എസ്.ജി.ഡി-യ്ക്ക് പൂർണ്ണതോതിൽ അധികാരം ഉണ്ട്. മാത്രവുമല്ല എസ്.ആർ.ഒ 204/16 നമ്പരായി വിജ്ഞാപനം ചെയ്തിട്ടുള്ള ജി.ഒ.(പി) 191/2016/ആർ.ഡി. തീയതി 01.03.2016-ലെ ഉത്തരവ് പ്രകാരം കെ.എൽ.സി. നിയമപ്രകാരം ജില്ലാ കളക്ടറിൽ സെക്ഷൻ 15 പ്രകാരം നിക്ഷിപ്തമാക്കിയിരുന്ന അധികാരം പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറിമാർക്ക് കൂടി വികേന്ദ്രീകരിച്ച് നൽകിയിട്ടുള്ളതാണ്. ഇത്തരം കൈയ്യേറ്റങ്ങൾ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് തന്നെ നിയമാനുസൃത കയ്യേറ്റ സ്കെച്ച് ഉൾപ്പെടെ തയ്യാറാക്കി തുടർ നടപടികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി വരുന്നു.<br>ഇതിനു പുറമേ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും 1958-ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും 2009-ലെ കേരള |

| | | | |
|---|---|---|---|
| | | | ഭൂസംരക്ഷണ നിയമം ഭേദഗതി പ്രകാരമുള്ള ശിക്ഷാനടപടികളും റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു. നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10.09.2018-ലെ സ.ഉ.(സാധാ) നം.3778/18/റവ നമ്പർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാതലത്തിലും, റവന്യൂ ഡിവിഷൻ തലത്തിലും, താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം സ്ഥലപരിശോധന ഉൾപ്പെടെ നടത്തി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. രണ്ടാം ശനി, ഞായർ ഉൾപ്പടെയുടെ പൊതു അവധി ദിവസങ്ങളിലും ടി സ്ക്വാഡിന്റെ പ്രവർത്തനം ക്രമീകരിച്ചിട്ടുള്ളതാകുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ അതാത് വകുപ്പിന്റെ ഭൂമിയിലെ കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്തെ കായലുകളും തടാകങ്ങളും മറ്റും വ്യാപക കയ്യേറ്റം മൂലം ഓരോ വർഷവും വിസ്തൃതി കുറഞ്ഞുവരുകയും മലിനപ്പെടുകയും ചെയ്യുന്ന സ്ഥിതി ഗൗരവമായി കണക്കിലെടുത്ത് ഭാവി തലമുറയ്ക്ക് വേണ്ടി അവയെ സംരക്ഷിക്കുന്നതിന് പ്രത്യേക നിയമനിർമ്മാണം നടത്തുമോ, വ്യക്തമാക്കാമോ? | (ഡി) | കായലുകളും തടാകങ്ങളും കൈയ്യേറപ്പെടുന്നതിനെതിരെ നടപടി സ്വീകരിക്കുന്നതിന് നിലവിലെ നിയമങ്ങൾ പര്യാപ്തമാണെന്നു കാണുന്നു. ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ച് അനധികൃത കൈയ്യറ്റങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

-

**സെക്ഷൻ ഓഫീസർ**